**ശ്രദ്ധക്ഷണിക്കൽ**

## കാമ്പസ്സുകളിലെ സംഘടനാപ്രവർത്തനം

ശ്രീ. ഷാഫി പറമ്പിൽ: സർ, ഈ സഭയിലേയ്ക്ക് കടന്നുവന്നിട്ടുള്ള നമ്മളിൽ ഭൂരിഭാഗം അംഗങ്ങളും വിദ്യാർത്ഥി സംഘടനാ പ്രവർത്തനം നടത്തി വിദ്യാർത്ഥി സംഘടനകളുടെ കൊടിപിടിച്ച് അവരുടെ അവകാശങ്ങൾക്കുവേണ്ടി പോരാടിയതിന്റെ ഒടുവിലാണ് രാഷ്ട്രീയ രംഗത്തേയ്ക്ക് കാലെടുത്തുവച്ചത്. ആ അനുഭവസമ്പത്തും പോരാട്ട വീര്യവുമൊക്കെ ഉൾക്കൊണ്ടുകൊണ്ടാണ് കേരളത്തിന്റെ ജനാതിപത്യ വേദിയിലേയ്ക്ക് ഒരു വിദ്യാർത്ഥി സംഘടനാ പ്രതിനിധിയെന്ന നിലയ്ക്ക് ഞാൻ ഉൾപ്പടെയുള്ള ആളുകൾ കടന്നുവന്നത്. കേളത്തിന്റെ ബഹുമാന്യനായ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി സാർ ഉൾപ്പടെയുള്ള ആളുകൾ കേരള വിദ്യാർത്ഥി യൂണിയന്റെ സംസ്ഥാന അധ്യക്ഷ പദവിയിലിരുന്നാണ് രാഷ്ട്രീയ രംഗത്തേയ്ക്കും നിയമസഭയിലേയ്ക്കും കടന്നുവന്നത്. രണ്ട് പക്ഷത്തും, എസ്.എഫ്.ഐ. യുടെ പ്രസിഡന്റുമാർ, ജനറൽ സെക്രട്ടറിമാർ തുടങ്ങിയ പദവികൾ വഹിച്ചിരുന്നവരായിരുന്നു. പ്രതിപക്ഷ ഉപനേതാവ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഉൾപ്പടെയുള്ള നേതാക്കന്മാർ സഭയ്ക്ക് പുറത്താണെങ്കിൽ, രാജ്യം വിശ്വസിക്കുന്ന ശ്രീ. എ.കെ. ആന്റണിയെപ്പോലുള്ള നേതാക്കന്മാർ, അതുപോലെ തന്നെ ശ്രീ.

പിണറായി വിജയനെപ്പോലുള്ള കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിയുടെ നേതാക്കന്മാർ അവരൊക്കെ വിദ്യാർത്ഥി സംഘടനാപ്രവർത്തനത്തിന്റെ ഭാഗമായി രഷ്ട്രീയ രംഗത്തേയ്ക്കും കേരളത്തിന്റെ ജനാതിപത്യ വേദികളിലേയ്ക്കും രാജ്യത്തിന്റെ പാർലമെന്റിലേയ്ക്കും തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ആളുകളാണ്. രാഷ്ട്രീയത്തെ കേരളത്തിന്റെ കാമ്പസ്സുകളിൽ ആരൊക്കെയോ ഭയപ്പെടുന്നുവെന്നുള്ളത് ഒരു വസ്തുതയാണ്. മാനേജ്മെന്റുകൾ രാഷ്ട്രീയത്തിനെതിരായി തീരുമാനമെടുക്കുമ്പോൾ അത് അവർക്ക് നടപ്പിലാക്കാൻ കഴിയും. കോടതികൾ അതിനനുകൂലമായി തീരുമാനമെടുക്കുന്ന സാഹചര്യത്തിലേയ്ക്ക് നമ്മുടെ വിദ്യാർത്ഥി സംഘടനാ പ്രവർത്തനവും രാഷ്ട്രീയ പ്രവർത്തനവും പ്രതിസന്ധികളേയും വെല്ലുവിളികളേയും നേരിട്ടുകൊണ്ടിരിക്കുകയാണ്. ഞാൻ ആദ്യമേ പറയട്ടെ, ഈ സംഘടനാ പ്രവർത്തനത്തിന് കാലാസനുസൃതമായ മാറ്റം വേണമെന്ന വാദത്തോട് നൂറ് ശതമാനവും യോജിക്കുന്നു. കൺസ്ട്രക്ടീവായ ക്രിയേറ്റീവായ പോസിറ്റീവ് എനർജിയെന്ന് പറയുന്ന രാഷ്ട്രീയ പ്രവർത്തനം കാലഘട്ടത്തിന് ചേർന്ന രീതിയിൽ നടപ്പിലാക്കാൻ വിദ്യാർത്ഥി യുവജന പ്രസ്ഥാനങ്ങൾ തയ്യാറാകണം എന്ന ആവശ്യത്തെ നൂറ് ശതമാനം സ്വീകരിക്കാൻ ഞാൻ തയ്യാറാണ്. എന്നാൽ എലിയെപേടിച്ച് ഇല്ലം ചുടുന്ന അവസ്ഥയിലേയ്ക്ക് കേരളത്തിന്റെ കാമ്പസ്സുകളിലെ

സംഘടനാ സ്വാതന്ത്ര്യം അധപതിച്ചുപോകുന്നു. കേരളത്തിന്റെ കാമ്പസ്സുകളിൽ നിന്ന് രാഷ്ട്രീയത്തെ പടിക്ക് പുറത്ത് നിർത്തിയാൽ അവിടത്തെ എല്ലാ പ്രശ്നങ്ങളും അവസാനിച്ചുവെന്ന് വിശ്വസിപ്പിക്കാൻ ശ്രമിക്കുന്ന ആളുകളുടെ തീരുമാനത്തിന് മുന്നിൽ അതിനൊരു മറുപടിയുമായി ഈ വിദ്യാർത്ഥി സംഘടനകളുടെ കൊടിപിടിച്ച് കേരളത്തിന്റെ ഉന്നത പദവിയിലുള്ള ഈ സഭയിൽ ഇരിക്കുന്ന ആളുകൾ കേരളത്തിലെ കാമ്പസ്സുകളിൽ സംഘടനാ പ്രവർത്തനവും, രാഷ്ട്രീയ സ്വാതന്ത്ര്യവും അനുവദിക്കുന്ന തരത്തിലുള്ള നിയമനിർമ്മാണം നടത്താൻ ഈ സഭ ഒറ്റക്കെട്ടായി തയ്യാറാകണമെന്ന് ഈ ശ്രദ്ധക്ഷണിക്കലിലൂടെ ഞാൻ അഭ്യർത്ഥിക്കുകയാണ്. സഭയുടെ ശ്രദ്ധ ഞാൻ അതിലേയ്ക്ക ക്ഷണിക്കുന്നു. രാഷ്ട്രീയത്തെ മാറ്റി നിർത്തിയാൽ പിന്നെ ആരാണ് നേട്ടമുണ്ടാക്കുന്നത്. രാഷ്ട്രീയത്തെ മാറ്റിനിർത്തിയാൽ കാമ്പസ്സിൽനിന്ന് അതിനെ ഒഴിച്ച് നിർത്തിയാൽ എന്താണ് അതിന്റെ പ്രൊഡക്ടിവിറ്റി. പിന്നെ വിദ്യാർത്ഥികൾക്ക് ഇടപെടാൻ കഴിയുന്ന ആക്ടിവിറ്റീസ് എന്താണ്? അവരുടെ മേഖലകൾ എന്താണ്? അവരെ കൈകാര്യം ചെയ്യാനുദ്ദേശിക്കുന്ന ശക്തികളുടെ വികാരമെന്താണ്? വർഗ്ഗീയ സംഘടനകൾക്ക്, തീവ്രവാദ സംഘടനകൾക്ക് കാമ്പസ്സിലെ തെരഞ്ഞെടുപ്പ് അനിവാര്യമല്ല. അവർക്ക് ആളുകളെയാണ് കിട്ടേണ്ടത്. അവർക്ക് റിക്രൂട്ട്മെന്റ്

സെന്ററുകളായി കാമ്പസ്സുകൾ മാറണം. മയക്കുമരുന്ന് കച്ചവടം നടത്തുന്നതിന് കാമ്പസ്സിലെ തെരഞ്ഞെടുപ്പുകളും സംഘടനാസ്വാതന്ത്ര്യവും പ്രശ്നമല്ല. പക്ഷേ കാമ്പസ്സിന്റെ ആളൊഴിഞ്ഞ മൂലകളിലേയ്ക്ക് ഈ കുട്ടികളുടെ കൈകളിലേയ്ക്ക് അപകടം വിതരണം ചെയ്യാനാണ് അവർ കാത്തുനിൽക്കുന്നത്. അരാഷ്ട്രീയ വാദം രാഷ്ട്രീയത്തിനെതിരായ വികാരങ്ങളെ പറഞ്ഞ് ഒന്നിനോടും പ്രതികരണശേഷിയില്ലാത്ത ഒരു തലമുറയെ വർത്തെടുക്കാനുള്ള ശ്രമം കേരളത്തിലെ കാമ്പസ്സുകളിൽ നടന്നുകൊണ്ടിരിക്കുമ്പോൾ രാജ്യത്തിന് മുഴുവൻ മാതൃകയായ പ്രവർത്തനം നടത്തുന്ന ഈ സംസ്ഥാനത്തെ രാഷ്ട്രീയം കേരളത്തിലെ വിദ്യാർത്ഥി രാഷ്ട്രീയത്തിനനുകൂലമായ തീരുമാനം രാഷ്ട്രീയ കക്ഷികൾക്കതീതമായി ഒറ്റക്കെട്ടായി എടുത്ത് അതുമായി മുന്നോട്ട് പോകേണ്ട സമയമാണ്. ചെന്നൈ ഐ.ഐ.റ്റി.-യിൽ ഭരണഘടനാശിൽപ്പിയുടെ പേരിൽ ഒരു സംഘടനയുണ്ടാക്കി പ്രവർത്തനം നടത്താൻ തുനിഞ്ഞ വിദ്യാർത്ഥികളെ അവിടെനിന്നും പുറത്താക്കാൻ ശ്രമിക്കുന്ന, അവരുടെ പഠനത്തെ തടസ്സപ്പെടുത്തുന്ന അവസ്ഥ നമ്മൾ കണ്ടു. പൂനെ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൽ ഒരു സമരം നടക്കുന്നത് നമ്മൾ കാണുന്നുണ്ട്. ഒരവകാശത്തിനുവേണ്ടി ശബ്ദമുയർത്തിയാൽ അവൻ ക്യാമ്പസ്സിന്റെ പടിക്കുപുറത്ത് നിൽക്കണമെന്ന അവസ്ഥയിലേയ്ക്ക് മാറുന്നത് ശരിയല്ല. കുട്ടികളുടെ കൈകളിലേയ്ക്ക്

കൊടുക്കേണ്ടത് ബോംബും കല്ലുമല്ല, ഡിജിറ്റൽ യുഗത്തിലേയ്ക്ക് കുട്ടികളെ ഒരുക്കേണ്ട ഉത്തരവാദിത്തം വിദ്യാർത്ഥി സംഘടനകൾക്കുമുണ്ട്. അതിനായി ഈ സഭയ്ക്ക് ഒറ്റക്കെട്ടായി ഒരു തീരുമാനമെടുക്കാം. നമ്മളെ കേൾക്കുന്ന മാധ്യമങ്ങൾക്കൊരു തീരുമാനമെടുക്കാം. അക്രമസമരങ്ങൾക്കും അക്രമത്തിനും പിന്തുണ കൊടുക്കാതെ പോസിറ്റീവായിട്ടുള്ള ക്രിയേറ്റീവായിട്ടുള്ള കൺസ്ട്രക്റ്റീവായിട്ടുള്ള പ്രവർത്തനങ്ങൾക്ക് പിന്തുണകൊടുക്കുന്ന തീരുമാനമെടുത്താൽ നമ്മളെയൊക്കെ സൃഷ്ടിച്ചിട്ടുള്ള ഈ സഭയിലെ നിർണ്ണായകമായ നിയമനിർമ്മാണങ്ങളെ സൃഷ്ടിച്ചിട്ടുള്ള പ്രവർത്തനങ്ങൾക്ക് പിന്തുണ കൊടുക്കാൻ നമുക്കുശേഷം നമ്മളെക്കാൾ മിടുക്കരായ ആളുകൾ ഈ സഭയിലേയ്ക്ക് കടന്നുവരാൻ തീർച്ചയായും വിദ്യാർത്ഥി സംഘടനാ പ്രവർത്തനം കളമൊരുക്കുമെന്ന കാര്യത്തിൽ സംശയമില്ല. ഞാൻ ആവർത്തിക്കുന്നു 'എലിയെ പേടിച്ച് ഇല്ലം ചുടരുത് '. രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്കൊക്കെ രജിസ്ട്രേഷനുണ്ട്. അവരുടെ പ്രവർത്തനങ്ങൾക്ക് അംഗീകാരമുണ്ട്. കേരളത്തിലെ വിദ്യാർത്ഥി സംഘടനകൾക്കും ഗവൺമെന്റ് അംഗീകരിക്കുന്ന രജിസ്ട്രേഷൻ നൽകാൻ തയ്യാറാകണം. ഫാസിസത്തിനും വർഗ്ഗീയതയ്ക്കും തീവ്രവാദത്തിനും, അരാഷ്ട്രീയവാദത്തിനുമൊക്കെയുള്ള മറുപടി വിദ്യാർത്ഥികളിൽനിന്നും, നമ്മുടെ ക്യാമ്പസ്സുകളിൽ നിന്നും..... ഒരു കാലത്ത് സചേതനമായ, രാജ്യത്തെ

പിടിച്ചുകുലുക്കുന്ന മുദ്രാവാക്യങ്ങൾ വിളിച്ചിട്ടുള്ള നമ്മുടെ ക്യാമ്പസ്സിന്റെ ഇടനാഴികൾ മയക്കുമരുന്നുകച്ചവടക്കാരനും, വർഗ്ഗീയവാദിക്കും, തീവ്രവാദിക്കും തീറെഴുതിക്കൊടുക്കാതിരിക്കണമെങ്കിൽ ഇവിടത്തെ മുഖ്യധാര രാഷ്ട്രീയപ്രസ്ഥാനങ്ങളുടെ ജനാധിപത്യ മതേതരബോധമുള്ള പ്രവർത്തകരെ ഉണ്ടാക്കിയെടുക്കുന്നതിനുള്ള നിയമനിർമ്മാണം നടത്താൻ ഈ സഭ തയ്യാറാകണമെന്ന് വിനീതമായി ഞാൻ അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (<u>ശ്രീ. പി. കെ. അബ്ദുറബ്ബ്</u>): സർ, കേരളത്തിലെ കലാലയങ്ങളിൽ അടിക്കടി ഉണ്ടാകാറുള്ള സംഘർഷങ്ങൾ രക്ഷകർത്താക്കളും പൊതുസമൂഹവും സർക്കാർതന്നെയും ഏറെ ആശങ്കയോടെയാണ് നോക്കിക്കാണുന്നത്. പക്വമതികൾ എക്കാലവും വിമർശനവിധേയമാക്കാറുള്ള വിഷയമാണ് വിദ്യാർത്ഥിരാഷ്ട്രീയത്തിന്റേയും മറ്റും മറവിലുണ്ടാകുന്ന ഇത്തരം സംഘർഷങ്ങൾ. സ്വന്തം കുട്ടികളെ സർക്കാർ കോളേജിലാക്കുന്ന കാര്യത്തിൽ സാമ്പത്തികശേഷിയുള്ള രക്ഷകർത്താക്കൾ പിന്നോക്കം പോകുന്ന അവസ്ഥ വർദ്ധിച്ചുവരുന്നതായാണ് മനസ്സിലാക്കാൻ കഴിയുന്നത്. ഒരു വിദ്യാർത്ഥി പ്രസ്ഥാനവുമായി ബന്ധമുണ്ടാക്കരുതെന്നും സംഘർഷ സാദ്ധ്യതയുള്ളപ്പോൾ കോളേജിൽ പോകരുതെന്നും രക്ഷകർത്താക്കൾ മക്കളെ നിർബന്ധിക്കുകയും

ചെയ്യുന്നതായി അറിയാൻ കഴിയുന്നുണ്ട്. ഈ അവസ്ഥ 'ജനാധിപത്യത്തിന്റെ കളിത്തൊട്ടിൽ' എന്നുവിശേഷിപ്പിക്കുന്ന നമ്മുടെ കലാലയങ്ങൾക്ക് ഒട്ടും ഭൂഷണമല്ല. കലാലയ വിദ്യാർത്ഥിരാഷ്ട്രീയം ഏതാനും പേരുടെ കൈകളിൽ ഒതുങ്ങുകയും മഹാഭൂരിപക്ഷം അരാഷ്ട്രവാദികളായി മാറിനിൽക്കുകയും ചെയ്യുന്നത് ജനാധിപത്യ വിശ്വാസത്തിന് ഏൽക്കുന്ന കനത്ത ആഘാതമായിരിക്കും എന്നതിൽ സംശയമില്ല. ജനാധിപത്യത്തിലുള്ള വിശ്വാസം നഷ്ടപ്പെട്ടുകൊണ്ട് വളർന്നുവരുന്ന ഒരു തലമുറ കടുത്ത വർഗ്ഗീയ ഫാസിസത്തിന്റെ ദുഃശക്തികളെയാകും പിന്നീട് ആശ്രയിക്കുക. ഇത്തരമൊരു ദുരവസ്ഥ ഇന്ത്യയുടെ മതേതര ഭാവിയെ തകർക്കും. രാഷ്ട്രത്തിന്റെ അഖണ്ഡതയെത്തന്നെ പ്രതികൂലമായി ബാധിക്കും. എന്നാൽ ജനാധിപത്യത്തെ സമ്പൂർണ്ണമായി അംഗീകരിക്കുകയും അരാജകത്വത്തിനെതിരെ കരുതലോടെ നീങ്ങുകയും ചെയ്യുന്ന ഒരു ഗവൺമെന്റിനും കലാലയങ്ങളിലെ ജനാധിപത്യ പ്രവർത്തനങ്ങളെ നിരാകരിക്കാനാവില്ല. അതുകൊണ്ടുതന്നെ വിദ്യാർത്ഥി സംഘടനാപ്രവർത്തനം നിഷേധിക്കുകയോ ജനാധിപത്യ വേദികളില്ലാതാക്കുകയോ ചെയ്യാനുള്ള ഒരു ശ്രമവും ഈ സർക്കാർ നടത്തിയിട്ടില്ല. കലാലയങ്ങളിൽ സമാധാനം നിലനിർത്താനും വിദ്യാർത്ഥികൾക്ക് നിർഭയമായി കലാലയങ്ങളിലേയ്ക്ക് കടന്നുചെല്ലാനും പഠനം വിജയകരമായി പൂർത്തിയാക്കി പുറത്തിറങ്ങാനുമുള്ള

സാഹചര്യമുണ്ടാകണമെന്ന് സർക്കാരും രക്ഷകർത്താക്കളും ഉൾക്കൊള്ളുന്ന പൊതുസമൂഹം അതിയായി ആഗ്രഹിക്കുന്നുണ്ട്. കലാലയ അന്തരീക്ഷം കലുഷരഹിതമാക്കാൻ പൊതുസമൂഹത്തോടൊപ്പം നീതിപീഠങ്ങളും കാലാകാലങ്ങളിൽ ഇടപെട്ടിട്ടുണ്ട്. വിദ്യാർത്ഥിരാഷ്ട്രീയം ഈ സർക്കാർ നിരോധിച്ചിട്ടില്ല. ഏറ്റവുമൊടുവിൽ പുറപ്പെടുവിച്ച Autonomy Amendment-ലും ഇത് വ്യക്തമാണ്. ഇതുസംബന്ധിച്ച് സർക്കാരിന്റെ മുമ്പാകെ Sojan Francis VS Kerala Students Union ഫയൽ ചെയ്ത RP. 435/2003, WA.538/2003 എന്നിവയിൽ ബഹുമാനപ്പെട്ട ഹൈക്കോടതി ഇപ്രകാരം വിധി പുറപ്പെടുവിക്കുകയുണ്ടായി. “ We are therefore inclined to give a direction to the State Government and to all the Universities in the State of Kerala to lay down appropriate rules and regulations in the light of the declarations made by us before the commencement of the next academic year relating to all the colleges, including Government owned and affiliated colleges which will be binding on all the students studying in those institutions. Rights of the private Managements and the Educational agencies in prohibiting the interference of students organizations like SFI, ABVP, KSU etc within the campus either

directly or through their member students and also the prohibition of strike, Gherao, dharna, bandh, hartal etc. within the campus are also upheld. Review petitions are accordingly dismissed and the writ petitions are disposed of as above. We make it clear we have not determined the rights of the teacher vis-a-vis the Management in Sojan Francis's case, and the observation if any, made would be obiter" . പ്രസ്തുത വിധി നടപ്പിലാക്കിക്കൊണ്ട് സർക്കാർ 13054/D2/2004/ഉന്നത വിദ്യാഭ്യാസ വകുപ്പ് നമ്പർ പ്രകാരം ഒരു മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുകയും ആയത് യൂണിവേഴ്സിറ്റികൾക്ക് നൽകുകയും ചെയ്തിട്ടുണ്ട്. കോളേജുകളിൽ അച്ചടക്കം നിലനിർത്തുന്നതിനെ സംബന്ധിച്ചും സംഘടനാരാഷ്ട്രീയത്തിന്റെ അതിപ്രസരം ഒഴിവാക്കുന്നതിനെ സംബന്ധച്ചുമാണ് മാർഗ്ഗനിർദ്ദേശങ്ങളിൽ പ്രതിപാദിക്കുന്നത്. ഇലക്ഷൻ സമ്പ്രദായം പാർലമെന്ററി രീതിയിലേയ്ക്ക് മാറ്റുന്നതിനും അത് സംബന്ധിച്ച് ഉചിതമായ മാർഗ്ഗനിർദ്ദേശങ്ങൾ യൂണിവേഴ്സിറ്റികൾ പുറപ്പെടുവിക്കണമെന്നും അതിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇലക്ഷനിൽ പങ്കെടുക്കുന്ന സ്ഥാനാർത്ഥികൾ സാമാന്യരീതിയിലുള്ള അച്ചടക്കവും അക്കാഡമിക് നിലവാരവുമുള്ളവരായിരിക്കണമെന്നും ഒന്നാംവർഷ വിദ്യാർത്ഥികളൊഴികെ

യുള്ളവർക്ക് കുറഞ്ഞത് 80 ശതമാനം ഹാജർനില മുൻവർഷങ്ങളിലുണ്ടായിരിക്കണമെന്നും പഠന കാലയളവിൽ എല്ലാ വിഷയങ്ങളും പാസ്സായിരിക്കണമെന്നും നിഷ്കർഷിച്ചിരുന്നു. കലാലയങ്ങളിലെ വിദ്യാർത്ഥി രാഷ്ട്രീയത്തിന്റെ മറവിലുള്ള അക്രമപ്രവർത്തനങ്ങൾ നിരോധിക്കുന്നതിന് നിർദ്ദേശിച്ചിരുന്നുവെങ്കിലും അതോടൊപ്പം കലാലയങ്ങളിൽ രാഷ്ട്രീയാവബോധം വളർത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനും പ്രത്യേക കർമ്മപരിപാടികൾ ആവിഷ്കരിക്കണമെന്നും യൂണിവേഴ്സിറ്റികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രിൻസിപ്പലിന്റെ അനുവാദമില്ലാതെ കലാലയത്തിനുള്ളിൽ മീറ്റിംഗ് നടത്തുവാനോ ബാനർ, കൊടി-തോരണങ്ങൾ, പോസ്റ്ററുകൾ എന്നിവ പതിക്കുന്നതിനോ പാടില്ലെന്നും നിർദ്ദേശിച്ചിരുന്നു. കൂടാതെ പ്രിൻസിപ്പലിന്റെ അനുവാദമില്ലാതെ പുറമെ നിന്നുള്ളവരുടെ ഇടപെടൽ അനുവദിക്കുന്നതല്ല. കോളേജിന്റെ വസ്തുവകകൾ നശിപ്പിക്കുന്നതുമൂലമുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾ ഉത്തരവാദികളിൽനിന്നോ അല്ലാത്തപക്ഷം മുഴുവൻ വിദ്യാർത്ഥികളിൽനിന്നോ ഈടാക്കി നികത്തുന്നതാണ്. ക്രിമിനൽ കേസ്സുകളിൽ ഉൾപ്പെട്ടതും സസ്പെൻഷനിലുള്ളതുമായ വിദ്യാർത്ഥികളെ കോളേജ് ക്യാമ്പസ്സിനുള്ളിൽ പ്രവേശിക്കുന്നതിൽനിന്നും വിലക്കിയിരുന്നു. കൂടാതെ അദ്ധ്യാപകരോ മറ്റ് സ്റ്റാഫംഗങ്ങളോ യാതൊരു രാഷ്ട്രീയ പ്രവർത്തനങ്ങളിലും

ഇടപെടരുതെന്നും ഇത് ലംഘിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്നും നിഷ്കർഷിച്ചിരുന്നു. കോളേജിൽ സുഗമമായരീതിയിൽ അദ്ധ്യയനം നടത്താൻ കഴിയാത്തപക്ഷം കോളേജിന് അവധി പ്രഖ്യാപിക്കാൻ പ്രിൻസിപ്പലിന് അധികാരമുണ്ടായിരിക്കുന്നതാണ്. കോളേജിനുള്ളിൽ ക്രിമിനൽ സ്വഭാവമുള്ള സംഭവം നടന്നാൽ ആ വിവരം പൊലീസിനെ അറിയിക്കേണ്ടതും കർശന നടപടി സ്വീകരിക്കേണ്ടതുമാണ്. കൂടാതെ കോളേജിന്റെ സുഗമമായ നടത്തിപ്പിനായി പൊതുവായ മാർഗ്ഗനിർദ്ദേശങ്ങൾകൂടി നൽകിയിരുന്നു. വിദ്യാഭ്യാസമേഖലയിൽ സംഘർഷങ്ങൾ പൂർണ്ണമായും ഇല്ലാതാക്കുവാനും ശാശ്വതമായ സമാധാനം നിലനിർത്താനും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഇടപെടലിന്റെ അടിസ്ഥാനത്തിലാണ് ഈ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതെന്ന് അറിയിക്കുന്നു. ഇതല്ലാതെ സർക്കാർ യാതൊരു തരത്തിലും വിദ്യാർത്ഥിസംഘടനാപ്രവർത്തനം നിരോധിച്ചുകൊണ്ട് ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല. വ്യക്തമായ മാർഗ്ഗനിർദ്ദേശത്തിന്റെ പകർപ്പും കോടതി വിധിയുടെ പകർപ്പും ഇതോടൊപ്പം വച്ചിട്ടുണ്ട്.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, സർക്കാർ സംഘടനാപ്രവർത്തനം നിരോധിക്കുന്ന തരത്തിലുള്ള ഏതെങ്കിലും പ്രവർത്തനം നടത്തിയെന്നുള്ള

അഭിപ്രായം ഞങ്ങൾക്കില്ല. പക്ഷേ സംഘടനാപ്രവർത്തനത്തെ സംരക്ഷിക്കുന്ന തരത്തിലുള്ള ഇടപെടലുകൾ നടത്താൻ, ഒരു പ്രധാനപ്പെട്ട കാര്യം ഞങ്ങൾ അടിവരയിട്ട് പറയുന്നു- മാറുന്ന കാലത്തിനനുസരിച്ചുള്ള സംഘർഷരഹിതമായ രാഷ്ട്രീയപ്രവർത്തനം കേരളത്തിന്റെ ക്യാമ്പസ്സുകളിൽ ഉറപ്പുവരുത്താൻ ഈ സഭയുടെ ഇരുവശത്തുമിരിക്കുന്ന നേതാക്കന്മാർ തീരുമാനമെടുത്താൽത്തന്നെ ഒരുവിധം സാധ്യമാകും. അപ്പോൾ എല്ലാവരുടെയും കൺസെന്റോടുകൂടി അത്തരത്തിലുള്ള ക്രിയേറ്റീവ് ചർച്ച നടത്തി വിദ്യാർത്ഥിസംഘടനകളെ അംഗീകരിക്കുന്ന രജിസ്ട്രേഷൻ ഉൾപ്പെടെയുള്ള നടപടികളുമായി അംഗീകാരത്തോടുകൂടി പ്രവർത്തിക്കാനുള്ള സംരക്ഷണം, പ്രത്യേകിച്ച് മാനേജ്മെന്റ് സ്ഥാപനങ്ങളിൽ, സർക്കാർ സ്ഥാപനങ്ങളിൽ നിരോധിക്കുന്നില്ല. സർക്കാരിന് അത്തരത്തിലുള്ള നെഗറ്റീവ് അപ്രോച്ചുമില്ല. പക്ഷേ ഇതിനെ സംരക്ഷിക്കുന്നതരത്തിലുള്ള കാഴ്ചപ്പാടും നിയമനിർമ്മാണ നടപടികളുമായി മുന്നോട്ടുപോകാൻ എല്ലാവരുമായി കൂടിയാലോചിച്ചശേഷം തീരുമാനമെടുക്കുമോ എന്നാണ് എന്റെ ചോദ്യം.

ശ്രീ. പി. കെ. അബ്ദുറബ്ബ്: സർ, ഈ നിർദ്ദേശം പരിഗണിക്കുന്നതാണ്.

## തീരദേശവാസികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, കേരളത്തിന്റെ തീരപ്രദേശങ്ങൾ

ചരിത്രത്തിലെ ഏറ്റവും വലിയ വറുതിയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. നമ്മുടെ സമൂഹത്തിൽ ആദിവാസികൾ കഴിഞ്ഞാൽ തൊഴിൽദിന ലഭ്യതയുടെ കാര്യത്തിൽ പരമ്പരാഗത മത്സ്യത്തൊഴിലാളികളാണ് കണ്ണീർ കുടിക്കുന്നത്. നമ്മുടെ കടലും കടലോരവും ഗുരുതരമായ പ്രതിസന്ധികളെയാണ് നേരിടുന്നത്. മാറിമാറി വന്ന കേന്ദ്രസർക്കാരുകളുടെ തെറ്റായ നയങ്ങളും കാലാവസ്ഥാവ്യതിയാനവും നമ്മുടെ തീരത്തെ മത്സ്യലഭ്യതയെ പ്രതികൂലമായി ബാധിച്ചിരിക്കുകയാണ്. 'ചാകര' എന്ന പ്രതിഭാസംതന്നെ ഇല്ലാതാകുമെന്ന മുന്നറിയിപ്പ് മത്സ്യത്തൊഴിലാളികളെ വല്ലാതെ ഭയപ്പെടുത്തുകയാണ്. തീരത്ത് കടൽക്ഷോഭം വളരെ രൂക്ഷമാണ്. കിടപ്പാടവും ജീവനോപാധിയും നഷ്ടമായവർക്ക് അർഹമായ നഷ്ടപരിഹാരം നൽകുന്നില്ല. കടൽക്ഷോഭം പ്രകൃതിക്ഷോഭത്തിൽ ഉൾപ്പെടുത്താൻ ഇതുവരെ കേന്ദ്രഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. പലപ്പോഴും ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും ഇതുവരെ കഴിഞ്ഞിട്ടില്ല. മത്സ്യത്തൊഴിലാളികളുടെ വലകളും വള്ളങ്ങളും നഷ്ടമാകുന്നു. പക്ഷേ ഇതിനൊന്നിനും അർഹമായ നഷ്ടപരിഹാരം കേന്ദ്രഗവൺമെന്റ് കൊടുക്കുന്നില്ല. ഇത് മത്സ്യത്തൊഴിലാളി സമൂഹത്തെ വലിയതോതിൽ പ്രയാസത്തിൽ അകപ്പെടുത്തിയിരിക്കുകയാണ്. മീനില്ല, കടലിൽ പോകാൻ കഴിയുന്നില്ല. അവർക്ക് അരി വാങ്ങാൻ കഴിയുന്നില്ല. ഒരു സഹായവും ഗവൺമെന്റ് ചെയ്യുന്നില്ല.

നമ്മുടെ കടൽത്തീരത്തെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾ കടംകൊണ്ട് മുടിയുകയാണ്. വട്ടിപ്പലിശക്കാരും ധനകാര്യസ്ഥാപനങ്ങളും അവരെ വല്ലാതെ ചൂഷണം ചെയ്തുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് ഇക്കാര്യത്തിൽ വളരെ മാതൃകാപരമായ നടപടികൾ ആവിഷ്ക്കരിക്കുകയുണ്ടായി. 141 കോടി രൂപ ഗവൺമെന്റ് ഓർഡറാക്കി 100 കോടി രൂപ ആദ്യഗഡുവായി നൽകി. ഇപ്പോൾ കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം എവിടെയാണ് എത്തിനിൽക്കുന്നത്? സഹകരണ സ്ഥാപനങ്ങളിൽനിന്നും ഷെഡ്യൂൾ ബാങ്കുകളിൽനിന്നും മറ്റ് പൊതുമേഖലാ ബാങ്കുകളിൽനിന്നും കടമെടുത്തവർക്ക് അവരുടെ കടത്തിൽ നിന്നും വിടുതൽ നൽകുന്നതിനു വേണ്ടിയുള്ള ഒരു പദ്ധതിയും നമ്മുടെ മുന്നിലില്ല എന്നുള്ളത് വളരെ സങ്കടകരമായ കാര്യമാണ്. മത്സ്യത്തൊഴിലാളികൾക്ക് പഞ്ഞമാസത്തിൽ ജീവിക്കാൻ വേണ്ടി ഒരു പദ്ധതി കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ ആവിഷ്ക്കരിച്ചിരുന്നു. അതാണ് സമ്പാദ്യ സമാശ്വാസ പദ്ധതി. പ്രസ്തുത പദ്ധതിക്കായി കഴിഞ്ഞ ഗവൺമെന്റിന്റെ അവസാന വർഷത്തെ ബഡ്ജറ്റിൽ 1800 രൂപയാണ് വകയിരുത്തിയിട്ടുള്ളത്. 600 രൂപ കേന്ദ്ര ഗവൺമെന്റും, 600 രൂപ സംസ്ഥാന ഗവൺമെന്റും, 600 രൂപ തൊഴിലാളികളുടെ വിഹിതവുമാണ്. ഇതിൽ സംസ്ഥാന സർക്കാരിന്റെ വിഹിതവും കേന്ദ്ര സർക്കാരിന്റെ വിഹിതവും വർദ്ധിപ്പിക്കണമെന്ന

ആവശ്യം നമ്മുടെ മുന്നിലുണ്ട്. എന്നാൽ ഇതുവരെ അത് പ്രാവർത്തികമാക്കാൻ കഴിഞ്ഞിട്ടില്ല. കടലോര പ്രദേശങ്ങൾ വലിയ ബുദ്ധിമുട്ട് നേരിടുന്ന ഈ സമയത്തും സമാശ്വാസ പദ്ധതിക്ക് ഗവൺമെന്റിന് ഇനിയും വിഹിതം നൽകാൻ കഴിഞ്ഞിട്ടില്ല എന്നത് ലജ്ജാകരമായൊരു കാര്യമാണ്.

മത്സ്യത്തൊഴിലാളി വിദ്യാർത്ഥികളുടെ ലംപ്സം ഗ്രാന്റ് സാധാരണ മെയ് മാസത്തിൽ നൽകുന്നതാണ്. അവർക്ക് അത് ഇതുവരെയും നൽകാൻ കഴിഞ്ഞിട്ടില്ല. കടലിന്റെ ആഴങ്ങളെ വെല്ലുവിളിച്ചുകൊണ്ട്, കടലിൽപോയി മീൻപിടിക്കാൻ കഴിയാത്ത അവസ്ഥയിൽ വരുന്നവർക്ക് പെൻഷൻ നൽകുന്നുണ്ട്. എന്നാൽ ആ പെൻഷൻ  ആറ് മാസത്തോളമായി കുടിശ്ശികയായി കിടക്കുകയാണ്. അവർക്ക് അത് നൽകാൻ കഴിയുന്നില്ല.

മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം പൂർണ്ണമായും സ്തംഭനാവസ്ഥയിലാണ്. അതിന് വരുമാനമില്ലാത്തൊരു അവസ്ഥയാണ് ഇപ്പോൾ ഉണ്ടായിതക്കൊണ്ടിരിക്കുന്നത്. അവരുടെ ചികിത്സാധനസഹായം, വിവാഹ ധനസഹായം എന്നിവ നൽകുന്നില്ല. അതിന് വിഹിതമില്ലാത്തതുകൊണ്ട് സെസ്സ് പിരിച്ചെടുക്കാൻ കഴിയുന്നില്ല. അവരുടെ ഭവന നിർമ്മാണ പദ്ധതികൾ സ്തംഭനാവസ്ഥയിലാണ്. അതിന് പല ഗഡുക്കളും നൽകുന്നില്ല.

ഇന്നത്തെ ഏറ്റവും വലിയൊരു പ്രശ്നം, തീരദേശ പരിപാലന നിയമം ഇവർക്ക് ബാധകമാക്കുകയാണ്. ഗവൺമെന്റ് അനുവദിച്ചിട്ടുള്ള ഭവന നിർമ്മാണ പദ്ധതികൊണ്ട് ഭവനം ഉണ്ടാക്കാൻ കഴിയാത്തൊരവസ്ഥ യാണുള്ളത്. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ അവർക്ക് അതിനുള്ള അനുമതി നൽകുന്നില്ല. എനിക്ക് ഇക്കാര്യത്തിൽ അനുഭവമുണ്ട്. കാരണം ഗവൺമെന്റിന്റെ ഭവന നിർമ്മാണ പദ്ധതിയിൽനിന്നും രണ്ടുലക്ഷം രൂപ അനുവദിച്ചിട്ടും പ്രസ്തുത സ്ഥാപനങ്ങൾ അതിനെ ഒബ്ജക്ട് ചെയ്യുന്നു. അതുകൊണ്ട് ഇക്കാര്യത്തിൽ വലിയൊരു പ്രതിസന്ധി നിലനിൽക്കുകയാണ്.

ന്യായമായിട്ടുള്ള മണ്ണെണ്ണ മത്സ്യത്തൊഴിലാളികൾക്ക് നൽകാൻ കഴിയുന്നുണ്ടോ? എന്തുപദ്ധതികളാണ് ഗവൺമെന്റുകൾ അവർക്ക് കൊടുക്കുന്നത്? കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ മണ്ണെണ്ണ ക്വാട്ടയുടെ കാര്യത്തിൽ ഇപ്പോഴും ഒളിച്ചുകളി തുടരുകയാണ്. 7 എച്ച്. പി. - 11 എച്ച്.പി. യുള്ള വള്ളങ്ങൾക്ക് മാസം 350 ലിറ്റർ മണ്ണെണ്ണയാണ് നൽകേണ്ടത്. എന്നാൽ 129 ലിറ്റർ മണ്ണെണ്ണയാണ് ഇപ്പോൾ കൊടുക്കുന്നത്. അതും ഇപ്പോൾ നൽകാൻ കഴിയുന്നില്ല. വെരിഫിക്കേഷന്റെ കാരണം പറഞ്ഞ് കുറേയേറെ പെർമിറ്റുകൾ റദ്ദ് ചെയ്തു. പുതിയ എഞ്ചിനുകൾക്ക് മണ്ണെണ്ണ നൽകാൻ കഴിയുന്നില്ല. ഇത്തരത്തിൽ, വലിയ തോതിൽ

മത്സ്യത്തൊഴിലാളി സമൂഹം നേരിടുന്ന പ്രശ്നങ്ങളോട് ക്രിയാത്മകമായിട്ട് പ്രതികരിക്കാൻ കഴിയുന്നില്ല.

മത്സ്യത്തൊഴിലാളികൾ നേരിടുന്ന മറ്റൊരു പ്രശ്നം മത്സ്യലഭ്യതയെ സംബന്ധിച്ചാണ്. 1991-ൽ നരസിംഹ റാവു ഗവൺമെന്റ് നടപ്പിലാക്കിയ ആഴക്കടൽ മത്സ്യബന്ധനം വലിയ തോതിൽ നമ്മുടെ കടലിൽനിന്ന് മത്സ്യലഭ്യത കുറച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട രാഹുൽ ഗാന്ധിയും മുഖ്യമന്ത്രിയും മത്സ്യബന്ധന വകുപ്പുമന്ത്രിയുമെല്ലാം ചാവക്കാട് കടപ്പുറത്ത് വരികയുണ്ടായി. അവർ അവിടെ കോർപ്പറേറ്റ് വൽക്കരണത്തിനെതിരെയും മീനാകുമാരി കമ്മീഷന്റെ കണ്ടെത്തലിനെ സംബന്ധിച്ചും പറയുകയുണ്ടായി. മീനാകുമാരി കമ്മീഷനെ നിയോഗിച്ചത് കഴിഞ്ഞ യു.പി.എ. ഗവൺമെന്റായിരുന്നു. കേന്ദ്ര ഗവൺമെന്റുകളുടെ നയങ്ങൾ അവരെ എത്ര ദോഷകരമായി ബാധിക്കുന്നുവെന്നാണ് ഇതിൽനിന്നെല്ലാം വ്യക്തമാക്കുന്നത്. അതുകൊണ്ട് ഈ പ്രത്യേകമായ സാഹചര്യത്തിൽ, മത്സ്യത്തൊഴിലാളികളുടെ പഞ്ഞമാസക്കാലത്തെ പ്രശ്നം പരിഹരിക്കുന്നതിന് ഫലപ്രദമായൊരു പദ്ധതി ഗവൺമെന്റിന്റെ മുമ്പിലുണ്ടോ എന്ന ചോദ്യമാണ് എനിക്ക് ഉന്നയിക്കാനുള്ളത്.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ,

തീരദേശമേഖലയിലുള്ള ഗൗരവമേറിയ പ്രശ്നമാണ് ബഹുമാനപ്പെട്ട കെ. വി. അബ്ദുൾ ഖാദർ ശ്രദ്ധക്ഷണിക്കലിലൂടെ ഇവിടെ ഉന്നയിച്ചത്. ഇക്കാര്യത്തിൽ സംസ്ഥാന ഗവൺമെന്റ്, ഒരു ഗവൺമെന്റും സ്വീകരിക്കാത്ത വിധത്തിലുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് പറയാൻ സാധിക്കും. ശ്രീ. കെ. വി. അബ്ദുൾ ഖാദറിന് അക്കാര്യങ്ങളെക്കുറിച്ച് അറിയാമെന്നാണ് ഞാൻ കരുതുന്നത്.

വറുതി മൂലം തീരദേശമേഖലയിലുള്ള പ്രശ്നങ്ങളെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. സാധാരണഗതിൽ ട്രോളിംഗ് നിരോധന ഘട്ടത്തിലാണ് സൗജന്യ റേഷൻ അനുവദിക്കാറുള്ളത്. ഇത്തവണത്തെ വറുതി കണക്കിലെടുത്ത് പ്രത്യേക മന്ത്രിസഭാ യോഗം ചേർന്നതിന്റെ അടിസ്ഥാനത്തിൽ അവർക്ക് സൗജന്യ റേഷൻ വിതരണം ചെയ്യാൻ തീരുമാനിച്ചു. ട്രോളിംഗ് നിരോധന കാലയളവിലേയ്ക്കുള്ള സൗജന്യ റേഷൻ വിതരണവും ആരംഭിച്ചിട്ടുണ്ട്. അതിനുവേണ്ടി 20 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തു.

മത്സ്യത്തൊഴിലാളികൾക്കുള്ള സമ്പാദ്യ സമാശ്വാസ പദ്ധതിയെ ക്കുറിച്ച് ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. ഈ ഗവൺമെന്റ് വരുമ്പോൾ പ്രസ്തുത പദ്ധതിക്ക് 1800 രൂപയാണ് നൽകിക്കൊണ്ടിരുന്നത്. എന്നാൽ അത് 2700 രൂപയായി വർദ്ധിപ്പിച്ചു. മെയ് മാസത്തെ ഗഡുക്കൾ നേരത്തെ കൊടുത്തുകഴിഞ്ഞു.

ജൂൺ മാസത്തിലെ ഗഡുക്കൾ കൊടുക്കുന്നതിനുവേണ്ടി 14.55 കോടി രൂപയുടെ അനുമതി കൊടുത്തുകഴിഞ്ഞു. അത് ബാങ്കുവഴിയാണ് വിതരണം ചെയ്തുകൊണ്ടിരിക്കുന്നത്. ആ പണം കൈമാറിക്കഴിഞ്ഞു. രണ്ടുമാസത്തെ കുടിശ്ശികയുടെ കാര്യം ഇപ്പോഴില്ല. മൂന്നാമത്തെ ഗഡുവിന്റെ കാര്യം ഗവൺമെന്റ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ഇതിനായി ബഡ്ജറ്റിൽ 24 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. അതുകൊണ്ട് എസ്.ഡി.ജി. ഫണ്ടിൽ നിന്നും ബാക്കിതുക കിട്ടുന്നതിനുവേണ്ടി ശ്രമിക്കാം. കുടിശ്ശിക കാര്യമായി വന്നുവെന്ന് പറയാൻ സാധിക്കില്ല. ജൂൺ മാസം വരെയുള്ള കുടിശ്ശിക കൊടുത്തുതീർത്ത് ഉത്തരവ് ഉണ്ടാവുകയും ചെയ്തു. ജൂലായ് മാസത്തെ കുടിശ്ശിക ആയിട്ടുണ്ടെന്ന് പറയാൻ പറ്റില്ല. ഇന്നിപ്പോൾ 8-ാം തീയതിയെ ആയിട്ടുള്ളൂ. അത് ഉടനെ കൊടുത്തുതീർക്കാനുള്ള നടപടികൾ സ്വീകരിക്കാം.

മത്സ്യത്തൊഴിലാളികളുടെ കടങ്ങൾ എഴുതിത്തള്ളുന്നതിനെ സംബന്ധിച്ച് ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ കാലാവധി 3 വർഷത്തേയ്ക്കു കൂടി നീട്ടി. കടാശ്വാസത്തിനായി 1,29,691 അപേക്ഷകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. അതിൽ 70,324 അപേക്ഷകൾ കടാശ്വാസ കമ്മീഷൻ ശിപാർശ ചെയ്തു. 2008-09 മുതൽ 2014-15 വരെയായി

175.7 കോടി രൂപ സർക്കാർ അനുവദിക്കുകയും 54,571 ഗുണഭോക്താക്കൾക്ക് കടാശ്വാസം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷം 25 കോടി രൂപ അനുവദിച്ചു. ഇത് സഹകരണ വകുപ്പ്, ദേശസാൽകൃത ബാങ്കുകൾ/മറ്റു സർക്കാർ ധനകാര്യ സ്ഥാപനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട കടങ്ങളിൽ കടാശ്വാസം നൽകുന്നതിനും വിനിയോഗിച്ചു. ദേശസാൽകൃത ബാങ്കുകളുടെയും മറ്റ് ധനകാര്യ സ്ഥാപനങ്ങളുടെയും രണ്ടാംഘട്ട അദാലത്ത് നടന്നുകൊണ്ടിരിക്കുന്നു.

വട്ടിപ്പലിശക്കാരുടെ ചൂഷണം സംബന്ധിച്ച് ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. വനിതകളുടെ സാമ്പത്തിക വളർച്ചയും തൊഴിലവസരങ്ങളും ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ 'സാഫ്' മുഖേന പലിശ രഹിത വായ്പാ പദ്ധതി നടപ്പിലാക്കിവരുന്നു. 2014-15 സാമ്പത്തിക വർഷത്തിൽ മത്സ്യഫെഡ് മുഖേന നടപ്പിലാക്കുന്ന പദ്ധതിക്ക് 300 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകി. പലിശ രഹിത വായ്പ 50,000/- രൂപ ക്രമത്തിൽ നൽകിവരുന്നു. എൻ.സി.ഡി.സി. ധനസഹായത്തോടുകൂടി കുറഞ്ഞ പലിശ നിരക്കിൽ മത്സ്യബന്ധന ഉപകരണങ്ങൾ മത്സ്യഫെഡ് മുഖേന നൽകിവരുന്നു. കൂടാതെ, പ്രാഥമിക സഹകരണ സംഘങ്ങൾ വഴി കുറഞ്ഞ പലിശ നിരക്കിൽ വായ്പയും സംഘങ്ങൾക്ക് നൽകി വരുന്നുണ്ട്.

മണ്ണെണ്ണയുടെ അപര്യാപ്തതയെ സംബന്ധിച്ച് ചൂണ്ടിക്കാണിക്കുകയുണ്ടായി. കേരളത്തിൽ കാൽനൂറ്റാണ്ടായി 2525 കിലോലിറ്റർ മണ്ണെണ്ണയാണ് വിതരണം ചെയ്തുകൊണ്ടിരിക്കുന്നത്. ഈ ഗവൺമെന്റും അത്രയും മണ്ണെണ്ണ വിതരണം ചെയ്യുന്നുണ്ട്. പി.ഡി.എസ്. മണ്ണെണ്ണ ഡൈവർട്ട് ചെയ്താണ് കൊടുക്കുന്നത്. കേന്ദ്ര ഗവൺമെന്റ് പി.ഡി.എസ്. മണ്ണെണ്ണ ഡൈവർട്ട് ചെയ്യുന്നതിന് എതിരാണ്. ഒരു ഘട്ടത്തിൽ പി.ഡി.എസ്. മണ്ണെണ്ണ ഡൈവർട്ട് ചെയ്ത കോട്ട അത്രയും വെട്ടിക്കുറയ്ക്കുകയുണ്ടായി. ആ സമയത്താണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും കൂടി പ്രധാനമന്ത്രിയെ കണ്ട് നിവേദനം കൊടുത്തത്. അതിന്റെ അടിസ്ഥാനത്തിൽ അത് പുന:സ്ഥാപിച്ചെങ്കിലും ഡൈവേർഷൻ കേന്ദ്ര സർക്കാർ അനുവദിക്കാത്ത സാഹചര്യമുണ്ട്. അവർ ഈ മണ്ണെണ്ണ എപ്പോൾ വേണമെങ്കിലും കട്ട് ചെയ്യുമെന്ന് പറയുന്നുണ്ട്. കേരളത്തിലെ മത്സ്യത്തൊഴിലാളികൾക്ക് 2525 കിലോ ലിറ്റർ മണ്ണെണ്ണ കൊടുക്കുന്നതിൽ ഒരു വീഴ്ചയും സർക്കാർ വരുത്തിയിട്ടില്ല. അത് ഇപ്പോഴും നൽകികൊണ്ടിരിക്കുകയാണ്. ഈ ഗവൺമെന്റ് കഴിഞ്ഞ ബഡ്ജറ്റിൽ മണ്ണെണ്ണ ബങ്കുകൾ വഴി മണ്ണെണ്ണ വിതരണം ചെയ്യുമെന്ന് പ്രഖ്യാപിച്ചിരുന്നു. മത്സ്യത്തൊഴിലാളികളുടെ ആവശ്യത്തിന് 2525 കിലോ ലിറ്റർ മണ്ണെണ്ണ മതിയാകില്ലെന്ന് മെമ്പർ ചൂണ്ടിക്കാണിച്ചത് ശരിയാണ്.

അത് കണക്കിലെടുത്താണ് മണ്ണെണ്ണ ബങ്കുകൾ സ്ഥാപിച്ചുകൊണ്ട് മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ വിതരണം ചെയ്യാൻ ഗവൺമെന്റ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. 9 തീരദേശ ജില്ലകളിലായി 12 മണ്ണെണ്ണ ബങ്കുകൾ സ്ഥാപിക്കാൻ തീരുമാനിച്ചതിൽ 8 എണ്ണത്തിന് ലൈസൻസ് ലഭ്യമായിട്ടുണ്ട്. ബാക്കിയുള്ളവയ്ക്ക് ലൈസൻസ് ലഭ്യമാക്കുന്നതിനായി ശ്രമിക്കുകയാണ്. ഒരു മണ്ണെണ്ണ ബങ്ക് തൃശ്ശൂർ ജില്ലയിൽ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്. 2525 കിലോ ലിറ്ററിനുപുറമെ, മണ്ണെണ്ണ ബങ്കുകൾ സ്ഥാപിച്ച് സൗജന്യ നിരക്കിൽ മണ്ണെണ്ണ വിതരണം ചെയ്യാനുള്ള പദ്ധതി ഈ മാസം 14-ാം തീയതി വൈകുന്നേരം 4 മണിക്ക് തിരുവനന്തപുരം ജില്ലയിലെ മരിയനാട് വച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യുകയാണ്. മണ്ണെണ്ണ ബങ്കുകൾ വഴി മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ നൽകുന്നത് കേരള ചരിത്രത്തിൽ ഇതുവരെയില്ലാത്ത കാര്യമാണ്. ഇങ്ങനെ നൽകിയാലും മത്സ്യത്തൊഴിലാളികളുടെ ആവശ്യങ്ങൾക്ക് മതിയാവില്ല. പൂർണ്ണമായും സബ്സിഡി നിരക്കിൽ നൽകാൻ സംസ്ഥാന ഗവൺമെന്റിനും സാമ്പത്തിക ബുദ്ധിമുട്ടുകളുണ്ട്. അതുകൊണ്ട് ഉല്പാദന കമ്പനികളിൽനിന്ന് ഇൻഡസ്ട്രിയൽ റേറ്റിൽ, മാർക്കറ്റ് റേറ്റിനേക്കാൾ കുറഞ്ഞ നിരക്കിൽ, മണ്ണെണ്ണ വിതരണം ചെയ്യാനുള്ള നടപടികളും ഇതോടൊപ്പംതന്നെ സ്വീകരിക്കുകയാണ്.

വീടുകളുടെ കാര്യത്തെക്കുറിച്ച് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞു. ശ്രീ. എസ്. ശർമ്മയ്ക്കറിയാം, അദ്ദേഹം ഇക്കാര്യത്തിൽ ആത്മാർത്ഥമായി ശ്രമിച്ചിരുന്നു. എന്നാൽ അന്ന് 4000 വീടുകൾക്ക് 50,000 രൂപ നിരക്കിലാണ് സഹായധനം കൊടുത്തിരുന്നത്. ഇപ്രാവശ്യം ഞങ്ങൾ 9178 വീടുകൾക്ക് 2,00,000 രൂപ നിരക്കിൽ സഹായം നൽകിക്കഴിഞ്ഞു. അതോടൊപ്പംതന്നെ ഈ വർഷം 5000 വീടുകൾകൂടി കൊടുക്കാൻ എ.എസ്. നൽകിക്കഴിഞ്ഞു. മലപ്പുറം, അതുപോലെ മറ്റ് ജില്ലകളിലും വീടുകൾക്കായി ലഭ്യമായിട്ടുള്ള ഏകദേശം എല്ലാ അപേക്ഷകളിന്മേലും നടപടി സ്വീകരിച്ചുകഴിഞ്ഞു. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ ചില തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തീരദേശ പരിപാലന നിയമത്തിന്റെ പേരിൽ തടസ്സമുണ്ടാക്കുന്നുണ്ട്. അക്കാര്യം പ്രത്യേകം ശ്രദ്ധിക്കാം.

ക്ഷേമനിധിയെക്കുറിച്ച് പറഞ്ഞു, ക്ഷേമനിധിയുടെ ആനുകൂല്യം 15,000 രൂപവരെ വരുമാനമുള്ളവർക്കാണ് കൊടുത്തുകൊണ്ടിരുന്നത്. ഞങ്ങൾ വരുമാന പരിധി 50,000 രൂപയായി ഉയർത്തി ഉത്തരവ് നൽകിക്കഴിഞ്ഞു. ക്ഷേമനിധി കുടിശ്ശികയുടെ പ്രശ്നത്തിൽ ഒരു കേസ് നിലനിൽക്കുന്നുണ്ട്. അതുകൊണ്ട് കേരളത്തിൽ മറൈൻ എക്സ്പോർട്ടേഴ്സിന്റെ സെസ്സ് വിഹിതം നമുക്ക് ലഭിക്കുന്നില്ല. കേരള ഹൈക്കോടതിയിൽ അത് സംബന്ധിച്ച് കേസ് ഫയൽ ചെയ്തിട്ടുണ്ട്.

അതുപോലെ ചികിത്സാ ധനസഹായം വർദ്ധിപ്പിക്കുകയും കുടിശ്ശികയില്ലാതെ എല്ലാവർക്കും കൊടുത്തുതീർക്കുകയും ചെയ്തിട്ടുണ്ട്. മറൈൻ എക്സ്പോർട്ടേഴ്സിന്റേതൊഴിച്ചുള്ള ക്ഷേമനിധിയുടെ കളക്ഷൻ മുൻകാലത്തേക്കാൾ വർദ്ധിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾക്കുള്ള കഴിഞ്ഞ വർഷത്തെ ലംപ്സം ഗ്രാന്റിനത്തിൽ കുറച്ച് കുടിശ്ശികയുണ്ട്. ഈ വർഷത്തെ അഡ്മിഷൻ പൂർത്തിയാകുന്ന മുറയ്ക്ക് ലംപ്സം ഗ്രാന്റ് നൽകും.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, എന്റെ മണ്ഡലത്തിലെ ചേറ്റുവ ഹാർബറിന്റെയും മുനയ്ക്കക്കടവ് ഫിഷ് ലാന്റിംഗ് സെന്ററിന്റെയും നിർമ്മാണം മന്ദഗതിയിലാണ്. ഇത് സംബന്ധിച്ച വിശദീകരണംകൂടി നൽകണമെന്ന് ആവശ്യപ്പെടുന്നു.

ശ്രീ. കെ. ബാബു: സർ, ചേറ്റുവ ഹാർബറിന്റെ മിക്കവാറും എല്ലാ ജോലികളും പൂർത്തിയായിക്കഴിഞ്ഞു. ഡ്രെഡ്ജിംഗിന്റെ ജോലിയാണ് ബാക്കിയുള്ളത്. പല പ്രാവശ്യം ടെണ്ടർ ചെയ്തെങ്കിലും ആരും മുന്നോട്ടുവന്നില്ല. ഏറ്റവും ഒടുവിൽ കിട്ടിയ ടെണ്ടർ 53 ശതമാനം ടെണ്ടർ എക്സസുള്ളതാണ്. അതുകൊണ്ട് തുറമുഖ വകുപ്പിന്റെ കീഴിലുള്ള കെ.എസ്.എം.ഡി.സി.(കേരള സ്റ്റേറ്റ് മാരിടൈം ഡെവലപ്മെന്റ് കോർപ്പറേഷൻ)-യെ കൊണ്ട് ചെയ്യിക്കാൻ ശ്രമിക്കുകയാണ്. ഇന്നലെ

കെ.എസ്.എം.ഡി.സി മാനേജിംഗ് ഡയറക്ടർ ചേറ്റുവയിൽ പോയിരുന്നു. മൂന്ന് മാസത്തിനുള്ളിൽ ചേറ്റുവയിലെ ഡ്രെഡ്ജിംഗ് പൂർത്തിയാക്കി ഉദ്ഘാടനം നടത്താൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതുപോലെ മുനയ്ക്കക്കടവ് ഫിഷ് ലാന്റിംഗ് സെന്ററിന്റെ നിർമ്മാണത്തിലും താമസമുണ്ടായിട്ടുണ്ട്. കുറെ ജോലികൾ നടന്നു, ബാക്കി വർക്കുകളുടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി ഗവൺമെന്റിലേയ്ക്ക് ലഭ്യമായത് ഇപ്പോഴാണ്. ഉടനെതന്നെ അക്കാര്യത്തിൽ തീരുമാനമുണ്ടാകും. മുനയ്ക്കക്കടവ് ഫിഷ് ലാന്റിംഗ് സെന്ററും നാലഞ്ച് മാസത്തിനുള്ളിൽ പൂർത്തിയാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുകയാണ്.